പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --**1520** **21.03.2012-** ലെ മറുപടിക്ക്

## വിദേശ മലയാളികൾക്കായി ക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾ വിശദമാക്കാമോ; | (എ) വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്ന മലയാളികളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ഇതിനകം തന്നെ നിലവിലുണ്ട്. |

**കാരുണ്യം**

വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസികേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

**കേരള പ്രവാസി കേരളീയ ക്ഷേമനിധി**

30/11/2009 ൽ ജി.ഒ. (എം. എസ്.) 9/2009/നോർക്ക നമ്പർ ഉത്തരവുപ്രകാരം പ്രവാസി ക്ഷേമ ബോർഡ് നിലവിൽ വന്നിട്ടുണ്ട്. പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്ന പ്രവാസികൾക്ക് താഴെപറയുന്ന ക്ഷേമപദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

| | |
|---|---|
| | 1. അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് പെൻഷൻ.<br>2. അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള അംഗം മരണമടഞ്ഞാൽ അശ്രിതർക്ക് കുടുംബ പെൻഷൻ.<br>3. ക്ഷേമനിധി അംഗത്തിന് സ്ഥിരമായ ശാരീരിക വൈകല്യം സംഭവിക്കുകയാണെങ്കിൽ അവശതാ പെൻഷൻ.<br>4. അപകടം, രോഗം എന്നിവ മൂലം അംഗം മരിക്കാനിടയായാൽ ആശ്രിതർക്ക് പ്രത്യേക സാമ്പത്തിക സഹായം.<br>5.അംഗങ്ങളുടെ ഗുരുതരമായ രോഗചികിത്സയ്ക്ക് അനുവദനീയമായ അളവിൽ ധനസഹായം.<br>6. വനിതാംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായവും പ്രസവാനുകൂല്യവും.<br>7. വസ്തു വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള വായ്പസഹായം.<br>8.മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള സാമ്പത്തിക സഹായം.<br>9. പ്രവാസ ജീവിതം കഴിഞ്ഞു മടങ്ങി വരുന്നവർക്ക് സ്വയം തൊഴിൽ ധനസഹായ വായ്പ. |
| (ബി) വിദേശങ്ങളിൽ വച്ച് അപകട മരണം സംഭവിച്ചവരുടെ കുടുംബാംഗങ്ങൾക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) വിദേശങ്ങളിൽ വച്ച് അപകടമരണം സംഭവിച്ചവരുടെ കുടുംബാംഗങ്ങൾക്ക് സാന്ത്വന പദ്ധതി, നോർക്ക റൂട്ട്സ് ചെയർമാൻ ഫണ്ട്, പ്രവാസി കേരളീയ ക്ഷേമ പദ്ധതി എന്നിവയിൽ നിന്ന് നിബന്ധനകൾക്കനുസൃതമായി മരണാനന്തരസഹായം നൽകിവരുന്നുണ്ട്. |
| (സി) മരണപ്പെട്ടവരുടെ ഭൗതിക ശരീരം വിമാനമാർഗ്ഗം നാട്ടിലെത്തിക്കുന്നതിന് അടിയന്തിര സഹായം നൽകി വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസികേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന |

മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് നിയമാനുസൃതമായി സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ